# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1590.

31-01-2018 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ വില

**ചോദ്യം**
ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണ വില കർഷകർക്ക് ഒരാഴ്ചക്കകം ലഭ്യമാക്കുമെന്ന 2016-17 ലെ ബജറ്റ് നിർദ്ദേശം അനുസരിച്ച് സംഭരണ വില നൽകുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) | സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില പി.ആർ.എസ്. ലോൺ മുഖേന നെല്ല് സംഭരിച്ച് ഉടൻ തന്നെ കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 14 ബാങ്കുകളിലായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | 2016-17 ലും 2017-18 ലും നെല്ല് സംഭരണ വില വിതരണം ചെയ്യുന്നതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ നെല്ല് സംഭരണ വില വിതരണം ചെയ്യുന്നതിന് 1053.18 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 24-01-2018 വരെ 794.79 കോടി രൂപയും സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുൻ സർക്കാറിന്റെ കാലത്ത് കുടിശ്ശികയായ എത്ര തുകയുള്ള നെല്ല് സംഭരണ വില വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 150 കോടിയോളം രൂപ മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ചതിന്റെ വകയിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**